# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4998 30.06.2014-ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ്**

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ:<br>ഡോ. ടി.എം. തോമസ് ഐസക്:<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന മുൻ പ്രധാനമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ ഇതുവരെയും കേന്ദ്രസർക്കാരിൽ നിന്നും പാക്കേജൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | പാക്കേജിൽ സംസ്ഥാന സർക്കാർ പ്രധാനമായും ഉൾപ്പെടുത്തിയ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയെല്ലാം അനുവദിക്കുകയുണ്ടായോ; ആവശ്യപ്പെട്ട തുകയും ലഭിച്ച തുകയും സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പൂർണ്ണ ആശ്വാസം നൽകുന്നതിനായുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി ബഹു. പ്രധാനമന്ത്രിയുടെ കേരള സന്ദർശന വേളയിൽ ബഹു. മുഖ്യമന്ത്രി ഒരു മെമ്മോറാണ്ടം 10.09.2012-ൽ നൽകിയിരുന്നു. ഇതിന് തുടർച്ചയായി ബഹു. പ്രധാമന്ത്രിയുടെ അഡ്വൈസർക്ക് മുമ്പാകെ സമർപ്പിച്ച 448.28 കോടിയുടെ പ്രൊപ്പോസലിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസവും പുനരധിവാസവും ദുരിതബാധിതർക്കുള്ള അടിയന്തര ധനസഹായവും, ബഡിയടുക്കയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ഹോസ്പിറ്റൽ എന്നിവയുടെ ആധുനികവൽക്കരണം എന്നിവ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതുവരെയും കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായമൊന്നും ലഭിച്ചിട്ടില്ല. |
| (സി) | എൻഡോസൾഫാൻമൂലം മാറാരോഗബാധിതനാവുകയും ആനുകൂല്യങ്ങളൊന്നും ലഭിക്കാതിരിക്കുകയും ചെയ്ത കാസർഗോഡ് ചെറുവത്തൂരിലെ കാർത്തിക്കിനൊപ്പം മാതാപിതാക്കളും ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കാർത്തിക്കോ മാതാപിതാക്കളോ എൻഡോസൾഫാൻ ദുരിതബാധിതരല്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ആത്മഹത്യകൾ ഇനിയുമുണ്ടാകാതിരിക്കാൻ പ്രസ്തുത പാക്കേജ് ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിലവിൽ പ്രതിമാസ പെൻഷനും, സൗജന്യ റേഷനും, സൗജന്യ ചികിത്സയും അടക്കമുള്ള സേവനങ്ങൾ സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്. പരാതി പരിഹാരത്തിനും അടിയന്തര സഹായങ്ങൾക്കും ജില്ലയിൽ തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്. |

Manjush

സെക്ഷൻ ഓഫീസർ